**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 784** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പാറയിൽ വി.സി.ബി നിർമ്മാണ പൂർത്തീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി .എം. എ. സമീർ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ പാറയിൽ വി.സി.ബി നിർമ്മാണ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ പരപ്പനങ്ങാടി നഗരസഭയിലെ പാറയിൽ വി.സി.ബി യുടെ പ്രവൃത്തികൾ 30.03.2023 ന പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** ഈ പ്രവൃത്തിയുടെ നിർമ്മാണത്തിന്റെ ഭാഗമായി ഫൈബർ ഷട്ടറുകൾ മാറ്റി, മെക്കാനിക്കൽ ഷട്ടറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** FRP ഷട്ടറുകൾ ഘടിപ്പിച്ചതിന ശേഷവും ചോർച്ച കണ്ടെത്തിയ സാഹചര്യത്തിൽ FRP ഷട്ടറുകൾക്ക് പകരമായി മെക്കാനിക്കൽ ഷട്ടർ സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മെക്കാനിക്കൽ വിഭാഗം സ്ഥലം സന്ദർശിക്കുകയും DSR 2021 നിരക്കിൽ 63.76 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.

**(സി)** മെക്കാനിക്കൽ ഷട്ടറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡിക (ബി) യിലെ ഉത്തരം

**(ഡി)** ഈ വി.സി.ബി നിർമ്മാണം പൂർത്തീകരിച്ചെങ്കിലും, വെള്ളം ചോർച്ചയുള്ളതിനാൽ ഉദ്ദേശിച്ച ഫലം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** FRP ഷട്ടറുകൾ ഘടിപ്പിച്ചതിന ശേഷം ചോർച്ച കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിനായി 2025 ഡിസംബർ മാസത്തിൽ FRP ഷട്ടറുകൾ നിർമ്മിച്ച കമ്പനിയുടെ സാങ്കേതിക വിദഗ്ധർ ഷട്ടറുകളുടെ തകരാറുകൾ പരിഹരിച്ച് ആയത് പുനർഘടിപ്പിക്കുകയും ചെയ്തശേഷം പരിശോധനയിൽ ചോർച്ച നിന്നതായി കണ്ടെത്തിയിരുന്നു. പിന്നീട് ചോർച്ച റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ഉപ്പുവെള്ള പ്രതിരോധ വി.സി.ബി (SWEVCB) ആയതിനാൽ ദീർഘ കാലം ഉപ്പുവെള്ളവുമായി contact ഉണ്ടാകുന്നതിനാൽ ഒറ്റവരി FRP Shutter ന പകരം steel shuttered SWECB ആക്കി മാറ്റുന്നതാണോ ഉചിതമെന്നത് പരിശോധിക്കുവാൻ സിവിൽ, മെക്കാനിക്കൽ എന്നിവരുടെ

സംയുക്ത പരിശോധന നടത്തേണ്ടതുണ്ട്. ആയതിന് ശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**(ഇ)** ഈ പ്രവൃത്തിയുടെ നിർമ്മാണ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡിക (ഡി) യിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**